**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5584** **03-11-2021 - ൽ മറുപടിയ്ക്ക്**

**പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ നിരോധനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എ കെ എം അഷ്‌റഫ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ . ടി. വി. ഇബ്രാഹിം** | | **Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | 2020 ജനുവരി ഒന്ന് മുതൽ പ്ലാസ്റ്റിക് ക്യാരി ബാഗുകൾ നിരോധിച്ചെങ്കിലും അവയുടെ ഉപയോഗം തുടരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പ്ലാസ്റ്റിക് ക്യാരി ബാഗുകൾ ഉൾപ്പടെയുള്ള ഒറ്റത്തവണ ഉപയോഗ പ്ലാസ്റ്റിക് വസ്തുക്കളുടെ നിരോധനം ഫലപ്രദമായി നടപ്പിലാക്കിയെങ്കിലും സംസ്ഥാനത്ത് കോവിഡ് മഹാമാരിയെ തുടർന്നുണ്ടായ സാഹചര്യത്തിൽ അവയുടെ ഉപയോഗം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്ലാസ്റ്റിക്കിന്റെ ഉപയോഗം നിയന്ത്രിക്കുന്നതിനായി കർശന പരിശോധനകൾ നടത്താറുണ്ടോ; ഉണ്ടെങ്കിൽ പരിശോധനയിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാറുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | പ്ലാസ്റ്റിക് വസ്തുക്കൾ നിരോധിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് സ.ഉ (കൈ)നം 6/2019 തീയതി 27/11/2019 പ്രകാരം നിർദ്ദേശങ്ങളുടെ പാലനം, നിരീക്ഷണം, നിർദ്ദേശങ്ങൾ ലംഘിക്കപ്പെടുന്ന സാഹചര്യത്തിൽ കർശനമായ നടപടി സ്വീകരിക്കുക എന്നിവയ്ക്കായി ജില്ലാ കളക്ടർമാർ, സബ് ഡിവിഷണൽ മജിസ്ട്രേറ്റ്മാർ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലെ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ, എല്ലാ തദ്ദേശ സ്ഥാപനങ്ങളിലെയും സെക്രട്ടറിമാർ, 1986 ലെ Environmental Protection act സെക്ഷൻ 19 പ്രകാരം കേന്ദ്ര സർക്കാർ നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർ/ സ്ഥാപനങ്ങൾ എന്നിവരെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. പരിശോധനയിൽ വീഴ്ചവരുത്തുന്നഉദ്യോഗസ്ഥർക്കെതിരെ ബന്ധപ്പെട്ട വകുപ്പ് മേധാവികൾക്ക് നടപടി സ്വീകരിക്കാവുന്നതാണ് . |
| (സി) | പ്ലാസ്റ്റിക് നിരോധനം കർശനമായി നടപ്പിലാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ? | (സി) | പ്ലാസ്റ്റിക്ക് നിരോധനം കർശനമായി നടപ്പിലാക്കുന്നതിന് മേൽ സൂചിപ്പിച്ച ഉദ്യോഗസ്ഥർ, തദ്ദേശ സ്ഥാപന സെക്രട്ടറിമാർ എന്നിവർ റെയ്ഡ് നടത്തുന്നതിനും, നിരോധിത പ്ലാസ്റ്റിക്ക് വസ്തുക്കൾ പിടിച്ചെടുക്കുന്നതിനും, നിയമം ലംഘിക്കുന്നവർക്കെതിരെ പിഴ ഈടാക്കുന്നതിനും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ |

| | | | |
|---|---|---|---|
| | | | തദ്ദേശസ്വയംഭരണ വകുപ്പിന്റെ ജില്ലാതല യോഗങ്ങളിലും സംസ്ഥാനതലയോഗങ്ങളിലും ഇത് സംബന്ധിച്ച അവലോകനം നടത്തുന്നുണ്ട്. പുനരുപയോഗിക്കാവുന്ന വസ്തുക്കളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിനുമായി ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ